"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് പദ്ധതീതര (നോൺ പ്ലാൻ) വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും രണ്ടാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.311/2025/SJD തീയതി,തിരുവനന്തപുരം, 26-11-2025

---

പരാമർശം:-

1. 15.09.2025-ലെ സ. ഉ. (സാധാ) നമ്പർ. 255/2025/എസ്ജെഡി സർക്കാർ ഉത്തരവ്.
2. കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 21.10.2025-ലെ എസ്.ജെ.ഡി/3661/2025-ഒ.സി.ബി.1. നമ്പർ കത്ത്.

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-36-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി 10,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം-1 സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ശീർഷകത്തിൽ നിന്ന് ആദ്യ ഗഡുവായി 4,20,000/- രൂപ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നീക്കിയിരിപ്പുള്ള തുകയായ 6,30,000/- രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 2-പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ ഓർഫനേജ് കൺട്രോൾ ബോർഡിന് "2235-02-104-89-36-നോൺ പ്ലാൻ" ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിട്ടുള്ള 10,50,000/- രൂപയിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 3,30,000/- രൂപ (മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) പ്രസ്തുത ബോർഡിനുള്ള ഈ സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ധനസഹായമായി അനുവദിച്ചു കൊണ്ടും പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള പി.ഡി. അക്കൗണ്ട് നമ്പർ. 799011700000505 ലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ്ഭവൻ,
തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (19.11.2025-ലെ
ഡബ്ല്യൂ.ഡബ്ല്യൂ-ഡബ്ല്യൂ.ഡബ്ല്യൂ 2/314/2022/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 26-11-2025 14:43:59